**A**

# സമഗ്ര ശിക്ഷാ, കേരളം

**802**

## ആന്ത്യന്തികവിലയിരുത്തൽ I 2026-27

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 8

സമയം : 1 ½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം) (4 x 1 = 4)**

1. "മന്നിനീ മാഹാത്മ്യം നൽകുന്ന നിങ്ങളോ
വിണ്ണിലചൈത്തങ്ങൾ? ആറിഞ്ഞു?."

(പനിനീർച്ചൂവ്)

'വിണ്ണിലേചൈതങ്ങൾ' എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്?

A. ചന്ദ്രനെ
B. സുര്യനെ
C. പുക്കളെ
D. വണ്ടിനെ

2. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദച്ചേരുവ ഏതെല്ലാം?

| | | | |
|---|---|---|---|
| i. | തള്ളിത്തുറന്നു | - | തള്ളി,തുറന്നു |
| ii. | പടിയിറങ്ങി | - | പടി,യിറങ്ങി |
| iii. | ഇറങ്ങിപ്പോയി | - | ഇറങ്ങി,പോയി |
| iv. | ആവശ്യമില്ല | - | ആവശ്യ,മില്ല |

A. I ഉം iiഉം ശരി
B. I ഉം iii ഉം ശരി
C. ii ഉം iv ഉം ശരി
D. എല്ലാം ശരിയാണ്

3. "സമ്പാദിച്ചതൊന്നും അനാവശ്യമായി ചെലവഴിച്ചിട്ടില്ല."

(പാടിവിട്ടാത്ത കടങ്ങൾ)

ഈ വാക്യത്തിന്റെ ആശയത്തോട് യോജിക്കാത്ത പ്രസ്താവന എത്?

A. പണം നിയന്ത്രണമില്ലാതെ ചെലവഴിച്ചു.
B. പണം ആവശ്യത്തിന് മാത്രം ചെലവഴിച്ചു.
C. പണത്തിന്റെ മുല്യം തിരിച്ചറിഞ്ഞു.
D. പണം ചെലവഴിക്കുന്നതിൽ നിയന്ത്രണം വരുത്തി.

(മറുപുറം)

"പശുന്റേം ആടിന്റേം കാര്യമമാക്കെ ഞാനമ്മിണിയെ എൽപ്പിച്ചിട്ടൊണ്ട്."

(തിങ്കളാഴ്ച നല്ല ദിവസം)

അമ്മയുടെ ഈ വാക്യങ്ങളിൽ പ്രകടമാകുന്നതെന്ത് ?

A. അമ്മിണിയെ ബുദ്ധിമുട്ടിക്കണമെന്ന ചിന്ത.

B. വളർത്തുമൃഗങ്ങളൊടുള്ള സ്നേഹവും കരുതലും.

C. ആരോഗ്യപ്രശ്നങ്ങളിൽ നിന്ന് മോചനം വേണമെന്ന ആഗ്രഹം.

D. വളർത്തുമൃഗങ്ങളെ ശല്യമായി കരുതുന്നു.

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മുന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(3 സ്കോർ വീതം)** **(3 x 3=9)**

5. **അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കി മാറ്റിയെഴുതുക.**

കൈയിൽ ഒരു കാര്യമില്ലാത്ത കാര്യം കാറിലിരുന്നു അങ്ങളോടുപറത്തു സങ്കടപ്പെടുമ്പോൾ എന്നാ പിരുപിരുക്കുന്നതെന്നായി മത്തായിച്ചേട്ടൻ.

6. • അവന്റെ ഷെയറിലാ വീട്. എനിക്കതി തലയിടാനൊക്കുകില്ല.

• കളിക്കുന്നതിനിടെ ഗ്രില്ലിനുള്ളിൽ <u>തലയിട്ട</u> ബാലനെ ഹയർഹോഴ്സ് സാഹസികമായി രക്ഷപ്പെടുത്തി.

തലയിടുക എന്ന പദം രണ്ട് സന്ദർഭങ്ങളിലും ഒരേ അർഥത്തിലാണോ പ്രയോഗിച്ചിരിക്കുന്നത്? വ്യക്തമാക്കുക.

**7(A)** "അരപ്പാ നിയുംകൂടെ അറിഞ്ഞോണ്ടാണോ, എന്നോടിത് ഒളിച്ചുവച്ചത് ? ഇത്രേം നാളും?" (തിങ്കളാഴ്ച നല്ല ദിവസം)

അമ്മ ഇങ്ങനെ പറയാനിടയായ സാഹചര്യം വിശദമാക്കുക.

**അല്ലെങ്കിൽ**

**(B)** "അപ്പച്ചന് വളരെ അടുപ്പമുള്ളവർ സിനിമയിലുണ്ടായിരുന്നെങ്കിലും ഒരിക്കലും എനിക്കുവേണ്ടി ശിപാർശ ചെയ്തിട്ടില്ല." (പാടിവിട്ടാത്ത കടങ്ങൾ)

ഈ വാക്യം നൽകുന്ന സന്ദേശങ്ങൾ കുറിക്കുക.

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(5 സ്കോർ വീതം)** **(4 x 5=20)**

8. "അമ്മ കരയുന്നില്ല. ഒരുതരം പ്രത്യേക പ്രസന്നത മുഖത്ത് മന:പൂർവം കയറ്റി നിർത്തിയതുപോലെ കാറിനടുത്തെത്തി അമ്മ നിന്നു.".

(തിങ്കളാഴ്ച നല്ല ദിവസം)



പാഠഭാഗത്തും ചിത്രത്തിലും തെളിയുന്ന വൃദ്ധരോടുള്ള സമീപനങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9. • “അയ്യയ്യോ, എന്തിനാ ഇങ്ങനെ കരയണത്? നോക്ക് ഞാൻ കരയത്തില്ലല്ലോ. നിലകണ്ഠൻ എന്നെ സമാധാനിപ്പിച്ചു.”

• “ഇനി എനിക്കെന്തിനാ പെൻസിൽ?”

• “നിലകണ്ഠനെനിക്ക് മയിൽപ്പീലിയും താമരമൊട്ടും മഞ്ഞക്കിളിയുടെ തൂവലും ചെറുപുന്നയുടെ തളിരും തന്നു.”

(താളുകൾക്കിടയിലൊരു മതിൽപ്പീലി)

സൂചനകളും പാഠഭാഗത്തിലെ ആശയവും വിശകലനംചെയ്ത് നിലകണ്ഠന്റെ സ്വഭാവ സവിശേഷതകൾ കുറിക്കുക.

10. **ഗദ്യഭാഗം വായിച്ച് ആശയം മൂന്നിലൊന്നായി സംഗ്രഹിക്കുക.**

ഭാഷ ഏതുമായിക്കൊള്ളട്ടെ, ആ ഭാഷ നന്നായി സംസാരിക്കാനും എഴുതാനും കഴിയുക എന്നത് നല്ല വ്യക്തിത്വത്തിന്റെ ലക്ഷണമാണ്. നല്ല ആശയങ്ങൾ, ഒഴുക്കുള്ള സംസാരം, വ്യക്തതയോടെയുള്ള ഉച്ചാരണം എന്നിവയിലെല്ലാം ഗൗരവപൂർണമായ ശ്രദ്ധ പുലർത്തണം. വികാരഭാഷകളുടെ അതിപ്രസരം മലയാളഭാഷയെ വികലമാക്കുന്നുവോ എന്ന് സംശയം തോന്നും ചിലരുടെ സംസാരം ശ്രദ്ധിച്ചാൽ. ഏതു ഭാഷ നാം ഉപയോഗിച്ചാലും ആ ഭാഷയിൽ നന്നായി സംസാരിക്കാൻ കഴിയണം. മാതൃഭാഷയെ സ്നേഹിക്കുകയും ഭംഗിയായി ഉപയോഗിക്കുകയും ചെയ്യണം. ഗാനഗന്ധർവനായ യേശുദാസിന്റെ ഗാനം ശ്രദ്ധിച്ചാൽ അദ്ദേഹത്തിന്റെ ഭാഷാശുദ്ധി മനസ്സിലാക്കാം. ഭാഷ ഏതുമാകട്ടെ, അത് ഭംഗിയായി, ശുദ്ധമായി ഉപയോഗിക്കാൻ പഠിക്കുക. ഭാഷ നന്നായി ഉപയോഗിക്കുവാൻ വായന നമ്മെ പ്രാപ്തരാക്കുന്നു. ഒരു വ്യക്തിയുടെ വ്യക്തിത്വവികസനത്തിലും ആശയവിനിമയശേഷി വർധിപ്പിക്കുന്നതിലും വായനയ്ക്ക് വളരെ വലിയ പങ്കുണ്ട്. മാതൃഭാഷയാകട്ടെ, അന്യഭാഷയാകട്ടെ, അതിൽ പ്രാവീണ്യം നേടാൻ നിരന്തരമായ വായന അത്യാവശ്യമാണ്. ലളിതമായി പറഞ്ഞാൽ ഭാഷയുടെ ജീവനാണ് വായന. കേവലം അക്ഷരങ്ങൾ കൂട്ടിവായിക്കുന്നതിനപ്പുറം അറിവിന്റെയും സംസ്കാരത്തിന്റെയും ലോകത്തേക്കുള്ള വാതിലാണ് അത് തുറന്നുതരുന്നത്. അതിനാൽ, കുട്ടിക്കാലം മുതൽക്കേ വായനശീലം വളർത്തിയെടുക്കുന്നത് മികച്ച ഭാഷാശേഷിയും ഉയർന്ന ചിന്താശേഷിയും സ്വന്തമാക്കാൻ സഹായിക്കും.

11(A) • “ജീവിതം ഓടക്കുഴൽപോലെയത്രെ ഒഴിഞ്ഞതും ഒന്നുമില്ലാത്തതും. എന്നാൽ അതേ സമയം അതിന്റെ മാധുര്യമാർന്ന ഗാനവീചികളാൽ വിസ്മയകരവും. പക്ഷേ, എല്ലാം അതുവായിക്കുന്നവനെ ആശ്രയിച്ചിരിക്കുന്നു.

(ജീവിതഗാനം - വി. എൻ. ദാസ്)

• “ജീവിതമെന്ന ഗാനത്തിൽ
ഏറ്റവും മനോഹരമായ താളം
നിങ്ങളാണ് ”

(മുഹമ്മദ് ഇക്ബാൽ)

ജീവിതമെന്ന ഗാനത്തെക്കുറിച്ചുള്ള രണ്ട് രചനാഭാഗങ്ങളിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(മറുപുറം)

(B) • "അനത്തെ ചില കഥകളിവേഷങ്ങൾ എന്റെ മനസ്സിൽ മായാത്ത മുദ്ര പതിച്ചിട്ടുണ്ട്."

• "ഓർക്കാപ്പുറത്ത് ആ രൂപം പൊടുന്നനെ എഴുന്നേറ്റ് അമർത്തി നാലു ചവിട്ട്."

(കളിവിളക്കിൻ തിരിനാളം)

മുകളിൽ നൽകിയ സൂചനകളുമായി ബന്ധിപ്പിച്ച് ലേഖകന്റെ കുട്ടിക്കാലത്തെ ഒരു കഥകളി അനുഭവത്തെക്കുറിച്ച് വിശദീകരിക്കുക.

**താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ എതെങ്കിലും ഒരണ്ണെത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(7 സ്കോർ) (1x7=7)**

12(A) • "എന്റെ വിടർന്ന കണ്ണുകളിലേക്കുനോക്കി, മതിൽപ്പീലിക്കണ്ണുകൾ പോലെയുണ്ട് എന്ന് ഇടയ്ക്കെല്ലാം നിലകണ്ഠൻ പറയുമ്പോൾ എന്റെ എല്ലാ വേദനകളും ഞാൻ മറന്നുപോയി."

• "എടുത്തു കഴിഞ്ഞ പാഠങ്ങളൊക്കെ വല്യ എളുപ്പാണ് എന്ന് സാത്വനംപോരല പറയും."

(താളുകൾക്കിടയിലൊരു മയിൽപ്പീലി)

നിങ്ങൾക്കും ഇതുപോലെ സൗഹൃദാനുഭവങ്ങൾ ഉണ്ടാകുമല്ലോ. തന്നിരിക്കുന്ന സൂചനകളും നിങ്ങളുടെ അനുഭവങ്ങളും മുൻനിരത്തി 'ആത്മാർഥസൗഹൃദവും ജീവിതവിജയവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**തുമ്പക്കാലം**

തുമ്പയെയാരോ പറഞ്ഞുപറ്റിച്ചു
തുമ്പിയോ കാറ്റോ വെയിലോ നിലാവോ?
ഓണമായെന്ന തിടുക്കത്തിൽ പാവം
നേരത്തേതന്നെ മലരിട്ടു നിന്നു.
ചുറ്റും പടരും പരിഹാസമേറ്റ്
മുത്തരിപ്പൂക്കൾ വിതുമ്പിത്തുളുമ്പി
അത്തവും ചിത്രയും നോക്കാതെ ഓണ-
അപ്പനുപ്പോൾ പുറപ്പെട്ടുവന്നു.
തുമ്പ വിളമ്പിയ സദ്യയുമുണ്ടു.
കുമ്പ നിറച്ച് കുലുങ്ങിച്ചിരിച്ചു -
"തുമ്പയെക്കാണുവാൻ മാത്രമാണെല്ലാ-
ചിങ്ങവുമിങ്ങ് ഞാൻ വന്നെത്തിടുന്നു.
കാണണമെന്നിവളുള്ളിൽ നിനയ്ക്കും
കാലമാണെന്റെ തിരുവോണക്കാലം."

(മോഹനകൃഷ്ണൻ കാലടി)

*********